# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ .5198

24/10/2011 -ൽ മറുപടിയ്ക്ക്

### ജംഗാറിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തോമസ് ചാണ്ടി | ശ്രീ. പി .ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| എ) പുളിങ്കുന്ന്, കാവാലം പ്രദേശങ്ങളിലേക്ക് ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗം നിർമ്മിക്കുന്ന ജംഗാറിന്റെ നിർമ്മാണം എത്രത്തോളം പൂർത്തിയായി എന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ; | എ) **ചീഫ് എഞ്ചിനീയറുടെ (മെക്കാനിക്കൽ)** കീഴിൽ പുളിങ്കുന്ന്, കാവാലം പ്രദേശങ്ങളിലേയ്ക്ക് പി. ഡബ്ല്യൂ.ഡി റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്കു വേണ്ടി പി.ഡബ്ല്യൂ.ഡി ഫണ്ട് ഉപയോഗിച്ച് ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗം രണ്ട് ജംഗാറുകളുടെ നിർമ്മാണം 2000-മാണ്ട് മാർച്ച്മാസത്തിൽ തുടങ്ങി. ഈ ജോലി ഏറ്റെടുത്ത കരാറുകാരൻ പണി പൂർത്തിയാക്കാതെ വന്നപ്പോൾ കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ 09/03/2010-ൽ ആ വർക്ക് റീ-ടെണ്ടർ ചെയ്ത് പൊതുമേഖലാ സ്ഥാപനമായ സിൽക്കിന് നൽകുകയും ആയതു പ്രകാരം 12/05/2011-ൽ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. സിൽക്ക് ജംഗാറുകൾ നിർമ്മിച്ചു നൽകേണ്ട തീയതി 12/11/2011 ആണ്. |
| ബി) റീടെണ്ടർ ചെയ്ത ജംഗാറുകളുടെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ